**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **30-01-2024 - ല്‍ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എന്‍. ജയരാജ് | | ശ്രീ . കെ . കൃഷ്ണന്‍കുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നിലാവ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പദ്ധതിയുടെ നടത്തിപ്പില്‍ കെ.എസ്.ഇ.ബി.യുടെ പങ്ക് വ്യക്തമാക്കാമോ; | (എ) | ഊര്‍ജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ടും, ഊര്‍ജ്ജ ലാഭം നേടി കൊണ്ടും കേരളത്തിലുടനീളം തെരുവ് വിളക്കുകള്‍ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്‍ പരമ്പരാഗത തെരുവ് വിളക്കു കള്‍ക്ക് പകരമായി എല്‍.ഇ.ഡി. ലൈറ്റുകള്‍ സ്ഥാപിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നിലാവ്. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുന്‍കൂര്‍ നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കെ.എസ്.ഇ.ബി.എല്‍., ടി പദ്ധതിയുടെ Special Purpose Vehicle (SPV) ആണ്. എല്‍.ഇ.ഡി. കളുടെ വാങ്ങലും ഇന്‍സ്റ്റലേഷനും ആണ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചുമതല. |
| (ബി) | പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരുന്ന ബള്‍ബുകളില്‍ കേടായവ മാറ്റി സ്ഥാപിക്കേണ്ടത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലാവ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന ബള്‍ബുകളില്‍ കേടായവ മാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്‍ നിക്ഷിപ്തമാണ്. 7വര്‍ഷത്തെ ഗ്യാരണ്ടി കാലയളവില്‍ വിതരണ ഏജന്‍സിയായ ഇ.ഇ.എസ്.എല്‍. കേടാവുന്ന എല്‍.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകള്‍ തീര്‍ത്തോ/പുതിയവ നല്‍കുകയോ ചെയ്ത്, 5% ബഫര്‍ സ്റ്റോക്ക് നിലനിര്‍ത്തി പോകേണ്ടതാണ്. ടി ബഫര്‍ സ്റ്റോക്കുകളില്‍ നിന്നാണ് കേടായവ മാറ്റി സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് കെ.എസ്.ഇ.ബി.എല്‍. നല്‍കുന്നത്. |
| (സി) | വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളില്‍ ഇത്തരത്തില്‍ കേടായ ബള്‍ബുകള്‍ മാറ്റിസ്ഥാപിക്കാനാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അടിയന്തരമായി അവ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കെ.എസ്.ഇ.ബി.എല്‍.-ന് കീഴിലുള്ള വിവിധ ഓഫീസുകളില്‍, ഇത്തരത്തില്‍ കേടായ ബള്‍ബുകള്‍ മാറ്റി സ്ഥാപിക്കാനാകാതെ കെട്ടി കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കേടുപാടുകള്‍ പരിഹരിക്കുന്നതിനായി വിതരണ ഏജന്‍സിയായ |

| | | | |
|---|---|---|---|
| | | | ഇ.ഇ.എസ്.എല്ലുമായി നിരന്തരം ബന്ധപ്പെട്ടുന്നുണ്ട് കേടായ ബൾബുകൾ ഇ.ഇ.എസ്.എൽ. തകരാർ പരിഹരിച്ചു ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിനായി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ